>> സംഭാഷണം-4


● എം.പി അബ്ദുർറഹ്മാൻ കുരിക്കൾ
● സ്വദ്റുദ്ദീൻ വാഴക്കാട്


# തടയപ്പെട്ട വനിതാ സമ്മേളനം

## ഹാദി ബുക്സ്റ്റാൾ

**1975-ൽ** ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഗവൺമെന്റ് രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. പല സംഘടനകളെയും നിരോധിച്ചു; ജമാഅത്തെ ഇസ്ലാമിയെയും. പ്രസ്ഥാനത്തിന്റെ ഓഫീസുകൾ അടച്ചുപൂട്ടി. പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കാൻ പറ്റാതായി. നിരവധി പ്രവർത്തകർ അറസ്റ്റ് ചെയ്യപ്പെട്ടു. അടിയന്തരാവസ്ഥാ പ്രഖ്യാപനവും സംഘടനാ നിരോധന വാർത്തയും റേഡിയോയിലൂടെ അറിഞ്ഞ ഞാൻ അറസ്റ്റ് ചെയ്യാൻ പോലീസ് വരുന്നതും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.


ജമാഅത്ത് പ്രവർത്തകരെ അറസ്റ്റ് ചെയ്യുമെന്ന് മനസ്സിലാക്കിയ ഇവിടത്തെ ഒരു കോൺഗ്രസ്സുകാരൻ മകന്റെ അടുത്തു വന്ന്, 'വാപ്പയെ നമുക്ക് അറസ്റ്റ് ചെയ്യാതെ രക്ഷപ്പെടുത്താം' എന്നു പറഞ്ഞു. 'വാപ്പ അറസ്റ്റ് പ്രതീക്ഷിച്ച് ഒരു ഖുർആൻ കീശയിലിട്ട് നടക്കാൻ തുടങ്ങിയിട്ട് രണ്ടു ദിവസമായി, അറസ്റ്റ് ഒഴിവാക്കി രക്ഷപ്പെടുന്ന കാര്യം വാപ്പയോട് പറയേണ്ട' എന്നാണ് അവൻ മറുപടി പറഞ്ഞത്. ജയിലിൽ ഓതാനും പഠിക്കാനും ഖുർആൻ വേണം. അറസ്റ്റ് എപ്പോഴാണ് നടക്കുകയെന്നറിയില്ല. എവിടെ വെച്ച് അറസ്റ്റ് ചെയ്താലും ഖുർആൻ കൊണ്ടുപോകണം. അതിനാണ് ഖുർആൻ കീശയിൽ തന്നെ ഇട്ടത്. പോലീസ് അന്വേഷിച്ചു വന്നപ്പോൾ, ളുഹർ ബാങ്ക് കൊടുക്കുന്നുണ്ടായിരുന്നു. ളുഹർ നമസ്കരിച്ചു. ജംആക്കി അസ്വ്റും. ഇനി നമസ്കരിക്കാൻ കഴിയുമോ എന്നറിയുമായിരുന്നില്ല.

കണ്ണൂർ സെൻട്രൽ ജയിലിലേക്ക് കൊണ്ടുപോകും എന്നായിരുന്നു ധാരണ. 'നിനക്ക് കണ്ണൂർ കാണാൻ അവസരമുണ്ടാകും' എന്ന് ഭാര്യയോട് പറഞ്ഞിരുന്നു. പക്ഷേ, മഞ്ചേരി സബ് ജയിലിൽ തന്നെയാണ് ഞങ്ങളെ താമസിപ്പിച്ചത്. മഞ്ചേരിയിൽനിന്ന് മൂന്ന് പ്രവർത്തകരാണ് അറസ്റ്റ് ചെയ്യപ്പെട്ടത്. കെ.കെ അലിയും വി. ഹസൻ കുട്ടിയും ഞാനും. വളാഞ്ചേരിയിൽനിന്ന് ഒരുപാട് ആളുകളെ അറസ്റ്റ് ചെയ്തിരുന്നു. അവിടെ ഹൽഖാ യോഗം നടക്കുമ്പോഴാണ് പോലീസ് ചെന്നത്. യോഗത്തിൽ പങ്കെടുത്തവരെ മുഴുവൻ അറസ്റ്റ് ചെയ്യുകയാണുണ്ടായത്. അബ്ദുൽ അഹദ് തങ്ങൾ, എ.കെ അബ്ദുൽ ഖാദിർ മൗലവി, ഇസ്ഹാഖലി മൗലവി തുടങ്ങിയവർ അവരിലുണ്ടായിരുന്നു. ജയിൽവാസം ഒരു അനുഭവം തന്നെയായിരുന്നു. ജമാഅത്തായിട്ടാണ് നമസ്കരിച്ചിരുന്നത്. ആർ.എസ്.എസ്സുകാർ പിന്നിൽനിന്ന് നമസ്കാരം വീക്ഷിക്കും. ജയിൽവാസം കഴിഞ്ഞ ശേഷവും ആർ.എസ്.എസ്സുമായി ബന്ധം തുടർന്നു. അവർ ഒരിക്കൽ അഖിലേന്ത്യാ അമീറായിരുന്ന മൗലാനാ യൂസുഫ് സാഹിബിനെയും മറ്റു നേതാക്കളെയും അവരുടെ ദൽഹിയിലെ ആസ്ഥാനത്തേക്ക് ക്ഷണിച്ചു. മഗ്രിബ് സമയമായപ്പോൾ യൂസുഫ് സാഹിബ് അവിടെ വെച്ചുതന്നെ നമസ്കരിച്ചു. ജയിലിൽ ഇടക്കിടക്ക് ഞങ്ങൾ ക്ലാസ്സുകൾ നടത്തും. ഓരോരുത്തരും മാറി മാറിയാണ് ക്ലാസ്സെടുക്കുക. വീട്ടിലുണ്ടായിരുന്ന ബൈബിളും ഭഗവദ്ഗീതയും ജയിലിലേക്ക് വരുത്തിച്ചിരുന്നു. അമുസ്ലിം തടവുകാർക്ക് കൂടി ഉപയോഗപ്പെടുത്താനും പ്രബോധനത്തിനും വേണ്ടിയായിരുന്നു അത്. ആർ.എസ്.എസ്സുകാരായ മൂന്നു പേർ ഉണ്ടായിരുന്നു. ഒരു ദിവസം പരലോകത്തെക്കുറിച്ച് ക്ലാസ്സെടുത്ത ശേഷം, പുനർജന്മ സങ്കൽപത്തെക്കുറിച്ച് അടുത്ത ദിവസം ക്ലാസ്സെടുക്കണമെന്ന് ആർ.എസ്.എസ്സുകാരനോട് ആവശ്യപ്പെട്ടു. പക്ഷേ അദ്ദേഹം സന്നദ്ധനായില്ല. പരിമിതമായ ഭക്ഷണം, പ്രത്യേക സമയങ്ങളിൽ മാത്രമാണ് ജയിലിൽ കിട്ടുക. പക്ഷേ ഞങ്ങൾക്ക് ചായയുണ്ടാക്കാനുള്ള സൗകര്യവും മറ്റും ലഭിച്ചിരുന്നു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ശൂറാംഗങ്ങൾ ഒഴികെയുള്ളവർ ജാമ്യം കിട്ടി പുറത്തുവരാൻ തുടങ്ങി.

*പ്രബോധനം* വാരിക പുറത്തിറ


എം.പി.എ കുരിക്കൾ


വി. ഹസൻ കുട്ടി


വല്ലാഞ്ചിറ
മുഹമ്മദ് ഹാജി




ക്കാൻ കഴിയാത്ത സാഹചര്യമായതു കൊണ്ട്, ഒരു പ്രസിദ്ധീകരണം തുടങ്ങുന്നതിനെക്കുറിച്ച് കെ.സി അബ്ദുല്ല മൗലവിയുമായി സംസാരിച്ചു. വാരികയോ മാസികയോ ആരംഭിച്ചാൽ വിജയിക്കില്ല. നടത്തിക്കൊണ്ടുപോകാൻ വലിയ ബുദ്ധിമുട്ടായിരിക്കും. ഒരു പ്രസിദ്ധീകരണാലയം തുടങ്ങുന്നത് നന്നാകും എന്നായിരുന്നു കെ.സിയുടെ അഭിപ്രായം. അതനുസരിച്ച് 'ഹാദി പബ്ലിക്കേഷൻസ്' ആരംഭിച്ചു. 1976-ലായിരുന്നു തുടക്കം.'ഹാദി'യുടെ പ്രഥമ പ്രസിദ്ധീകരണമാണ് *ഹ്‌സ്രത്ത് ആഇശ*. സയ്യിദ് സുലൈമാൻ നദ്‌വിയുടെ ഉർദു ഗ്രന്ഥം പരിഭാഷപ്പെടുത്തിയതാണ്. തുടർന്ന് മറ്റു പുസ്തകങ്ങളും അനേകം ലഘുലേഖകളും ഹാദി പ്രസിദ്ധീകരിച്ചു. മൂന്ന് ചെറിയ വാള്യങ്ങളായി പുറത്തിറങ്ങിയ *ഖുർആൻ ഭാഷ്യ*മാണ് പ്രധാനപ്പെട്ടത്. *അന്നാസ്* മുതൽ *അൽഅഅ്‌ലാ* വരെയുള്ള സൂറത്തുകളാണ് ഉള്ളടക്കം. ഡോ. മുഹ്‌യിദ്ദീൻ ആലുവായിയുടെ ഒരു കൃതിയും ഹാദി പുറത്തിറക്കിയിട്ടുണ്ട്. ലഘുലേഖകളിൽ മിക്കതും ജമാഅത്തെ ഇസ്‌ലാമിക്കെതിരായ വിമർശനങ്ങൾക്കുള്ള മറുപടി, മുസ്‌ലിം സമുദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ വിശകലനം, മഞ്ചേരി മഹല്ല് തുടങ്ങിയ വിഷയങ്ങളിൽ ഊന്നിയുള്ളതാണ്. *മഹാനായ യേശു*, *ഇസ്‌ലാമിലെ വനിത*, *നിഴൽനബി*, *ശരീഅത്ത് ഭേദഗതി*, *ഇസ്‌ലാമിന്റെ ശത്രുക്കൾ മുസ്‌ലിം ലേബലിൽ*, *മഞ്ചേരി മഹല്ല് അന്നും ഇന്നും*, *സൂര്യഗ്രഹണം*, *മുസ്‌ലിം സഹോദരങ്ങളോട് ഒരു അഭ്യർഥന*, *അല്ലാഹുവെ ഭയപ്പെടുക*, *ഒറ്റനോട്ടം*, *അഹ്‌ലുസുന്നത്തി വൽജമാഅ*, *റബീഉൽ അവ്വൽ വന്നു പക്ഷേ...*, *ക്രിസ്തു ഒരു പ്രവാചകൻ*, *മഞ്ചേരിയിൽ മതരംഗത്ത് കക്ഷി പിരിവില്ല* തുടങ്ങിയവ ഹാദിയുടെ പ്രസിദ്ധീകരണങ്ങളിൽ ചിലതാണ്. *ഒറ്റനോട്ടം* എന്ന ലഘുകൃതി ജമാഅത്തെ ഇസ്‌ലാമിയുടെ ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ മുൻഗണനാക്രമത്തിൽ സമാഹരിച്ചിട്ടുള്ളതാണ്. മൗലാനാ മൗദൂദിയുടെ ജീവിതം, ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി, ജമാഅത്ത് കേരള ഘടകം എന്നിങ്ങനെ മൂന്ന് അധ്യായങ്ങളാണതിലുള്ളത്. പ്രസ്ഥാന ചരിത്രം ഒറ്റ നോട്ടത്തിൽ മനസ്സിലാക്കാൻ ഉപകരിക്കുന്ന പ്രസ്തുത പുസ്തകം പരിഷ്കരിച്ച് പുറത്തിറക്കുന്നത് നന്നാകും.

## ഒരു സത്യവാങ്മൂലം

ജമാഅത്തെ ഇസ്‌ലാമിക്ക് വളരെ ശക്തമായ എതിർപ്പുകൾ നേരിടേണ്ടിവന്നിട്ടുണ്ട്. കേരളത്തിൽ മതസംഘടനകളും ചില രാഷ്ട്രീയക്കാരും പലതരത്തിലുള്ള എതിർപ്പുമായി പ്രസ്ഥാനത്തെ നേരിട്ടു. എന്നാൽ മഞ്ചേരിയിലെ അവസ്ഥ വ്യത്യസ്തമാണ്. ഈ പ്രദേശത്ത് പറയത്തക്ക എതിർപ്പുകളൊന്നും ഉണ്ടായിരുന്നില്ല. എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കുന്ന മഞ്ചേരിയുടെ പ്രത്യേകമായ അവസ്ഥാവിശേഷവും ഹിദായത്തുൽ മുസ്‌ലിം സഭ പോലെ നേരത്തേ പുരോഗമന ചിന്താധാരകളുടെ സാന്നിധ്യമുള്ളതുമാകാം കാരണം.

പള്ളിദർസിൽ പഠിച്ചുകൊണ്ടിരിക്കെ *ഇസ്‌ലാം മത*വും *പ്രബോധന*വും വായിക്കുകയും ജമാഅത്തിനെ മനസ്സിലാക്കുകയും ചെയ്തിരുന്ന ഞാൻ വഹാബിയാണെന്ന് ചിലർ പ്രചരിപ്പിച്ചു. മുഹമ്മദുബ്നു അബ്ദിൽ വഹാബിലേക്ക് ചേർത്തുകൊണ്ടുള്ള പ്രയോഗമാണ് 'വഹാബി'. പുരോഗമന ചിന്താഗതിയുള്ള, അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർക്കുന്ന എല്ലാവരെയും 'വഹാബി' എന്നാണ് വിളിച്ചിരുന്നത്. പിന്നീട് മൗദൂദി സാഹിബും ജമാഅത്തും അറിയപ്പെടാൻ തുടങ്ങിയതോടെ 'വഹാബി-മൗദൂദി' എന്ന് ചേർത്തു പറയാൻ തുടങ്ങി. അബ്ദുർറഹ്മാൻ കുരിക്കൾ മൗദൂദിയാണെന്നും പള്ളിദർസിൽനിന്ന് പുറത്താക്കണമെന്നും ചിലർ മുദർരിസ് അബ്ദുർറമാൻ മുസ്‌ലിയാരോട് പറഞ്ഞു. അദ്ദേഹം എന്നെ വിളിച്ച് അന്വേഷിച്ചു. "അഹ്‌ലുസുന്നത്തി വൽ ജമാഅത്തിന്റെ അഖീദക്ക് എതിരായി ഒന്നും വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നില്ല. *ഇസ്‌ലാം മതം*, *രക്ഷാസരണി* എന്നീ പുസതകങ്ങളാണ് പുറത്തിറങ്ങിയിട്ടുള്ളത്. അതിൽ അഹ്‌ലുസുന്നത്തിനെതിരായി ഒന്നും കാണുന്നില്ല. ഉണ്ടെങ്കിൽ നിങ്ങൾ കാണിച്ചുതരൂ"- ഞാൻ പറഞ്ഞു. അഹ്‌ലുസുന്നത്തിനെതിരായ യാതൊന്നും വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നില്ലെന്ന് എഴുതി ഒപ്പിട്ടു കൊടുക്കാൻ ഉസ്താദ് ആവശ്യപ്പെട്ടു. ഞാൻ അപ്രകാരം ചെയ്തു. പിന്നീട് ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കപ്പെട്ടപ്പോഴും പരിപാടികളുമായി മറ്റുള്ളവരും സഹകരിക്കാറുണ്ടായിരുന്നു. മതസംഘടനകൾ നടത്തുന്ന പരിപാടികളിൽ പതിവുപോലെ പ്രസ്ഥാനത്തെ വിമർശിക്കാറുണ്ടായിരുന്നു. അവർക്കൊന്നും മറുപടി പറയാൻ പ്രസ്ഥാനം തുനിഞ്ഞിരുന്നില്ല. മഹല്ലിന്റെയും കാരണവന്മാരുടെയും ഭാഗത്തുനിന്ന് ബഹിഷ്കരണമോ മർദനങ്ങളോ വാദപ്രതിവാദങ്ങളോ ഒന്നും ഉണ്ടായിട്ടില്ല. ഏതെങ്കിലും ഒരു കക്ഷിയെ ആക്ഷേപിച്ച് സംസാരിക്കാൻ പാടില്ലെന്ന് മഹല്ല് നിർദേശം ഉണ്ടായിരുന്നു. റമദാനോടനുബന്ധിച്ച് വഅ്ള് നടക്കുമ്പോൾ, 'ഒരു കക്ഷിയെയും ആക്ഷേപിച്ച് സംസാരിക്കരുതെന്ന് മഹല്ല് നേതാക്കൾ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്' എന്ന് പറഞ്ഞാണ് മുസ്‌ലിയാക്കന്മാർ പ്രസംഗിക്കാറുണ്ടായിരുന്നത്. ഒരിക്കൽ മാത്രമാണ് ഇത് ലംഘിക്കപ്പെട്ടത്- 1972ൽ. മഹല്ല് സംഘടിപ്പിച്ച ഒരു വഅ്ള് പരിപാടിയിൽ ചില പ്രസംഗകർ ജമാഅത്തെ ഇസ്‌ലാമിയെ വിമർശി

ച്ചു. നമ്മൾ അതിന് മറുപടി പ്രസംഗം നടത്താൻ പോയില്ല. പകരം 'മഞ്ചേരിയിൽ മതരംഗത്ത് കക്ഷിപിരിവില്ല' എന്ന ലഘുലേഖ ജമാഅത്തെ ഇസ്‌ലാമി മഞ്ചേരി ഘടകം പ്രസിദ്ധീകരിച്ചു. മഞ്ചേരിയുടെ പാരമ്പര്യവും എല്ലാവരും ഒരുമിച്ചു നിൽക്കേണ്ടതിന്റെ ആവശ്യകതയും ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശ ലക്ഷ്യങ്ങളുമൊക്കെ അതിൽ വിശദീകരിച്ചിരുന്നു. യഥാർഥത്തിൽ 'രാഷ്ട്രീയ'പരമായ കാരണങ്ങളാൽ ചിലർ മുസ്‌ലിയാക്കളെക്കൊണ്ട് ജമാഅത്തിനെതിരെ വിമർശനം നടത്തിക്കുകയാണുണ്ടായത്. എന്നാൽ അടുത്ത വർഷം റമദാനോടനുബന്ധിച്ച് വഅ്ള് നടക്കുന്നതിന് മുമ്പുതന്നെ മഹല്ല് കാരണവന്മാർ യോഗം ചേർന്നു. മസ്‌ലഹത്ത് യോഗമായിരുന്നു അത്. ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരും അതിലേക്ക് ക്ഷണിക്കപ്പെട്ടു. മുൻ വർഷത്തെ പോലുള്ള സംഭവം ആവർത്തിക്കരുതെന്നും പറഞ്ഞു. തബ്‌ലീഗ്, സമസ്ത, ജമാഅത്ത് പണ്ഡിതന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ആ വർഷം വഅ്ള് നടത്താൻ തീരുമാനിക്കുകയും ഒരിക്കൽ സംയുക്ത കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. സുന്നീ പണ്ഡിതന്മാരും ജമാഅത്ത് നേതാക്കളും ആ വഅ്ള് പരമ്പരയിൽ പ്രസംഗിച്ചു. ശാന്തപുരം കെ.ടി അബ്ദുർറഹീം സാഹിബിന്റെ പ്രഭാഷണം ഏറെ ആകർഷകമായിരുന്നു. കെ. അബ്ദുസ്സലാം മൗലവി (മാള) ആയിരുന്നു മറ്റൊരു പ്രസംഗകൻ.

മറ്റൊരു സംഭവം, വനിതാ സമ്മേളനം മുടക്കിയതാണ്. യു.പി സ്കൂളിൽ ജമാഅത്ത് ഘടകം ഒരു വനിതാ സമ്മേളനം തീരുമാനിച്ചു. അത് തടസ്സപ്പെടുത്താൻ സാധ്യതയുണ്ടെന്ന് തോന്നിയതിനാൽ നോട്ടീസ് വിതരണം അവസാന സമയത്തേക്ക് മാറ്റി. പക്ഷേ, ഏതോ ഒരു കുട്ടി നോട്ടീസെടുത്ത് ഇവിടത്തെ ഒരു രാഷ്ട്രീയ നേതാവിന്റെ വീട്ടിൽ കൊടുത്തു. പരിപാടിയെക്കുറിച്ച് അറിഞ്ഞ അദ്ദേഹം, അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന സി.എച്ച് മുഹമ്മദ് കോയയെ നേരിട്ട് വിളിച്ച് സ്കൂൾ പരിപാടിക്ക് കൊടുത്തത് റദ്ദ് ചെയ്യിച്ചു. പരിപാടി മുടങ്ങി. പിന്നീട് മറ്റൊരു സ്ഥലത്ത് സമ്മേളനം നടത്തി. "ഇത് ആർക്കെങ്കിലും എതിരെ നടത്തുന്ന ഒരു പരിപാടിയല്ല, വനിതകളെ ബോധവത്കരിക്കാനും അവർക്ക് തൊഴിൽ പഠിപ്പിക്കാനും വേണ്ടിയുള്ളതാണ്. ഇത് തടസ്സപ്പെടുത്താൻ ചിലർ ശ്രമിച്ചു. വിദ്യാഭ്യാസ മന്ത്രിയെ ഒക്കെ അതിനായി സ്വാധീനിക്കാൻ കഴിയുന്നവർ ഇവിടെയുണ്ട്. അവർ ചെയ്യേണ്ടത് നമ്മുടെ നാടിന്റെയും മുസ്‌ലിം സമൂഹത്തിന്റെയും പുരോഗതിക്കു വേണ്ടി തങ്ങളുടെ സ്വാധീനം ഉപയോഗിക്കുകയാണ്" എന്ന് പരിപാടിയിൽ സൂചിപ്പിക്കുകയും ചെയ്തു.

### മജ്‌ലിസുന്നുഖ്ബാ

'മജ്‌ലിസുന്നുഖ്ബാ' എന്ന പേരിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു പഠന വേദി സംസ്ഥാനതലത്തിൽ ഉണ്ടായിരുന്നു. 1951-ലായിരുന്നു തുടക്കം. പ്രസ്ഥാനത്തെക്കുറിച്ച് പഠിക്കാനും പ്രസംഗപാടവവും മറ്റും വളർത്താനും തർബിയത്തും ഉദ്ദേശിച്ചുള്ളതായിരുന്നു മജ്‌ലിസ്. മാസത്തിൽ രണ്ടു ദിവസം മുൻ നിശ്ചയിച്ച അജണ്ടയനുസരിച്ച് ക്യാമ്പ് നടക്കും. ആദ്യം എടയൂരിൽ തന്നെയായിരുന്നു സ്ഥിരമായി യോഗം ചേരുക. മജ്‌ലിസുന്നുഖ്ബാ എന്ന പേര് നിർദേശിച്ചത് കെ.സിയായിരുന്നു. ഹാജിസാഹിബായിരുന്നു സ്ഥിരമായി അധ്യക്ഷൻ. കെ.സി, ടി. മുഹമ്മദ് സാഹിബ്, ടി.കെ, എ.കെ അബ്ദുൽ ഖാദിർ മൗലവി, കെ. മൊയ്തു മൗലവി, എം. അലവിക്കുട്ടി മൗലവി, അബ്ദുൽ അഹദ് തങ്ങൾ, അബ്ദുർറഹ്മാൻ അസ്ഗറലി സാഹിബ്, അബുൽ ജലാൽ മൗലവി, അബ്ദുൽ ജബ്ബാർ മൗലവി, ടി.കെ മുഹമ്മദ് സാഹിബ്, കെ.ഇ അഹ്മദ് കുട്ടി ഹാജി, താജുദ്ദീൻ സാഹിബ്, കുഞ്ഞവറാൻ കുട്ടി മാസ്റ്റർ, എസ്.എം ഹനീഫ് സാഹിബ്, പി.വി കുഞ്ഞിമൊയ്തീൻ സാഹിബ്, കെ. അബ്ദുല്ല മൗലവി തുടങ്ങിയവരൊക്കെ അതിൽ പങ്കെടുക്കാറുണ്ടായിരുന്നു. ഞാൻ മിക്കവാറും മജ്‌ലിസുന്നുഖ്ബയിൽ പോകാറുണ്ടായിരുന്നു. ക്യാമ്പിൽ ഖുർആൻ ക്ലാസ്സും പ്രത്യേക വിഷയങ്ങളെക്കുറിച്ചുള്ള പഠനക്ലാസ്സുകളും ചർച്ചകളും ഉണ്ടാകും. വളരെ ആഴത്തിലുള്ള ചർച്ചകളാണ് നടക്കുക. ഒരു മാസത്തെ വ്യക്തിപരമായ പ്രവർത്തനങ്ങളെക്കുറിച്ച റിപ്പോർട്ട് അവതരിപ്പിക്കും. ജമാഅത്തിന്റെ പ്രവർത്തനശൈലി, വിഷയങ്ങൾ, പ്രസ്ഥാനം സ്വീകരിക്കേണ്ട പുതിയ രീതികൾ തുടങ്ങിയവയും ചർച്ച ചെയ്യും. നേതാക്കൾക്കിടയിൽ വിശാല മനസ്കത, പ്രതിപക്ഷ ബഹുമാനം, വിട്ടുവീഴ്ച, സഹനം, സഹാനുഭൂതി, സമസൃഷ്ടി സ്നേഹം, ത്യാഗസന്നദ്ധത, ലളിത ജീവിതം, കർമൗത്സുക്യം തുടങ്ങിയവ വളർത്തിയെടുക്കാൻ പ്രത്യേകം ശ്രമിക്കും. നേതൃതലത്തിലുള്ളവരാണ് ക്യാമ്പിൽ ഒരുമിച്ചുചേർന്നിരുന്നത്. ഒരു ഉത്തമ നേതൃത്വത്തെ വാർത്തെടുക്കാൻ ക്യാമ്പ് ഏറെ പ്രയോജനപ്പെട്ടിരുന്നു. ക്യാമ്പിനോടനുബന്ധിച്ച് മിക്കവാറും പൊതുയോഗങ്ങളുണ്ടാകും. ക്യാമ്പംഗങ്ങളിൽ ചിലർ പ്രസംഗിക്കും. അനന്തരം പ്രസംഗം നിരൂപണം ചെയ്യും. വാക്കുകൾ, വാചകങ്ങൾ, പ്രയോഗങ്ങൾ, ആശയം, ആംഗ്യങ്ങൾ എല്ലാം നിരൂപണ വിധേയമാകും.

ഹാജി സാഹിബിന്റെ മരണത്തോടെ മജ്‌ലിസുന്നുഖ്ബയുടെ പ്രവർത്തനങ്ങൾ നിശ്ചലമായിരുന്നുവെന്നാണ് ഓർമ. എന്തായിരുന്നാലും 1981-ൽ മജ്‌ലിസുന്നുഖ്ബ പുനരാരംഭിക്കുകയുണ്ടായി. അതിനിടക്ക് വേറെ നടന്നിരുന്നോ/ മറ്റെന്തെങ്കിലും സംവിധാനം ഉണ്ടായിരുന്നോ എന്ന് ഓർമയില്ല. '81 ഡിസംബർ 26,27 തീയതികളിലായിരുന്നു ഒന്നാമത്തെ ക്യാമ്പ്. കെ.ടി മുഹമ്മദ് മൗലവി, ടി. ഇസ്ഹാഖലി മൗലവി, ടി. മുഹമ്മദ് സാഹിബ്, ടി.കെ അബ്ദുല്ല സാഹിബ്, ഇ.വി ആലിക്കുട്ടി മൗലവി, സി.കെ കുഞ്ഞഹമ്മദ് മാസ്റ്റർ, എം. മുഹമ്മദ് മൗലവി, ഇ.എൻ മുഹമ്മദ് മൗലവി തുടങ്ങിയവർ അന്ന് വിഷയാവതാരകരായിരുന്നു. എനിക്കും ക്ലാസ്സെടുക്കാൻ അവസരം കിട്ടിയിരുന്നു. "ജമാഅത്തെ ഇസ്‌ലാമി മതമേഖലയിലെ എതിർപ്പുകൾ(എതിർപ്പിന്റെയും എതിരാളുകളുടെയും സ്വഭാവം)" എന്നതായിരുന്നു എന്റെ വിഷയം. കുറച്ചുകാലത്തിനു ശേഷം മജ്‌ലിസിന്റെ പ്രവർത്തനം നിർജീവമായി. പിന്നീട് 1996-ൽ വേദി പുനരാരംഭിച്ചു. 'അല്ലജ്നത്തുൽ ഇസ്‌ലാമിയ ലിൽ ബഹ്സി വന്നഖ്ദ്' എന്നായിരുന്നു പുതിയ പേര്. 'ലജ്ന'എന്ന ചുരുക്കപ്പേരിൽ വിളിക്കപ്പെട്ടു. ടി.കെ മുഹമ്മദ് മൗലവി, ഒ.പി ഹംസ, വി.കെ അലി, അബ്ദുസ്സലാം വാണിയമ്പലം, കെ.എ സിദ്ദീഖ് ഹസൻ, ശൈഖ് മുഹമ്മദ് കാരകുന്ന്, എം.പി അബ്ദുർറഹ്മാൻ കുരിക്കൾ, എം.ഐ അബ്ദുൽ അസീസ് എന്നിവരായിരുന്നു എക്സിക്യൂട്ടീവ് മെമ്പർമാർ. കൂടാതെ 43 പേരുള്ള ജനറൽ ബോഡിയും ഉണ്ടായിരുന്നു. പല ഗ്രൂപ്പുകളായി തിരിച്ച് വിഷയം നിർണയിച്ചു കൊടുത്തു. 'അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്ത്' ആയിരുന്നു ഞങ്ങളുടെ ഗ്രൂപ്പിന്റെ വിഷയം. ഇത്തരം പരിപാടികളിലൂടെ പ്രസ്ഥാനത്തെക്കുറിച്ചും വിവിധ വിഷയങ്ങളെക്കുറിച്ചും ഉൾക്കാഴ്ചയുള്ള പ്രവർത്തകരെ വളർത്തിക്കൊണ്ടുവരാൻ സാധിച്ചു.

(തുടരും)